# INTERNATIONAL INDIAN SCHOOL, RIYADH

**Post Box No. 89788, Riyadh 11692 (KSA)**

## SUMMATIVE- I- EXAM, SEPTEMPER- 2013

**STD. IX** | **MAX. MARKS: 90**
**SUB: MALAYALAYAM** | **TIME: 3 HRS**

### എ - വിഭാഗം (10 Marks)

1) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (5 x 2 = 10)

ഇന്ത്യ ഗ്രാമങ്ങളിലാണ് എന്ന് ഗാന്ധിജി പറഞ്ഞു. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ ുടികൊള്ളുന്നു എന്ന യാഥാർത്ഥ്യം ചൂണ്ടിക്കാണിക്കുകയായിരുന്നു അദ്ദേഹം.അതുകൊണ്ട് ന്ത്യയുടെ വികസനമെന്നാൽ ഗ്രാമങ്ങളുടെ വികസനമാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. ാമങ്ങളുടെ വികസനത്തിലൂടെ അദ്ധ്വാനിക്കുന്ന ജനസമൂഹം പടുത്തുയർത്തുന്ന സമാധാനവും മൃദ്ധിയും നിറഞ്ഞ ഭാരതത്തെയാണ് അദ്ദേഹം രാമരാജ്യം എന്ന് വിളിച്ചത്. ഇന്ത്യയുടെ ികസനം ഗ്രാമങ്ങളിലൂടെ എന്ന് പറയുന്നതിന് മറ്റൊരു കാരണം കൂടിയുണ്ട്. ഇന്ത്യ പ്രധാനമായും ാർഷിക സമ്പദ്ഘടനയുള്ള ഒരു രാജ്യമാണ്. ഗ്രാമങ്ങളാണ് കാർഷികവൃത്തിയുടെ ഉറവിടങ്ങൾ. തിനാൽ രാജ്യത്തിൻെറ വളർച്ച കാർഷികവളർച്ചയെ ആസ്പദമാക്കിയാണ് ഇരിക്കുന്നത്. ഈ ാർഷിക വളർച്ചയാണ് ഗ്രാമങ്ങളുടെ വളർച്ച. ഇന്ത്യയുടെ വികസനം ഗ്രാമങ്ങളുടെ ികസനമാണെന്ന് പറയുന്നതിൻെറ പൊരുളും ഇതാണ്. ഗ്രാമവികസനം ലക്ഷ്യമാക്കിയുള്ള ിരവധി പദ്ധതികൾ ഇന്ന് നിലവിലുണ്ട്. സംയോജിത ഗ്രാമവികസനപദ്ധതി, സ്വയംതൊഴിൽ ണ്ടെത്താനായി യുവാക്കൾക്കുള്ള പരിശീലനം, കാർഷിക വികസന അതോറിറ്റി തുടങ്ങിയവ തിൽ ഉൾപെടുന്നു. ഇവ ഗ്രാമവികസനത്തിന് പാതയൊരുക്കുന്നു. ഗ്രാമീണജീവിത നിലവാരം യർത്തുന്നതിനായി വായ്പകളും തൊഴിലവസരങ്ങളും ഇവ നൽകുന്നു. ജലസേചന സൗകര്യം, വൈദ്യുതി തുടങ്ങിയവ ഗ്രാമങ്ങളിലെത്തിക്കുന്നത്തിനും ഇവ് അവസരമുണ്ടാക്കുന്നു.ഇരുപത്തിയഞ്ച് തമാനം മുതൽ അമ്പത് ശതമാനം വരെ സബ്സിഡിയുള്ള വായ്പകൾ നൽകിയും ഈ ികസനത്തിന് ആക്കം കൂട്ടുന്നുണ്ട്.

a) ഗ്രാമവികസനത്തിന് പാതയൊരുക്കുന്നത് എന്തെല്ലാം?
b) ഇന്ത്യയുടെ വികസനം ഗ്രാമവികസനമാണെന്ന് പറയുന്നതിൻെറ പൊരുളെന്ത്?
c) അദ്ദേഹം രാമരാജ്യം എന്നു വിളിച്ചത് ഏതിനെ? ആര്?
d) ഗ്രാമവികസനപദ്ധതികൾ എന്തിനെല്ലാം അവസരമൊരുക്കുന്നു?
e) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം എഴുതുക.

### ബി - വിഭാഗം (18 Marks)

1) നിങ്ങളുടെ സ്ഥലത്തെ ഗതാഗതക്കുരുക്കിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗതാഗതമന്ത്രിക്ക്ഒരു കത്തെഴുതുക 7

2) ആശയം വിപുലീകരിച്ചെഴുതുക 3
'പരോപകാരാർഥമിദംശരീരം'

M-13-1

3) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക 8

a) വൃദ്ധസദനങ്ങൾ അനിവാര്യമോ?

b) മാതൃഭാഷയുടെ പ്രാധാന്യം

c) പരിസരമലിനീകരണം

## സി–വിഭാഗം (14 Marks)

1) ശരിയായ പര്യായപദം തിരഞ്ഞെടുത്തെഴുതുക 1

പൊന്ന്

(രജതം, കാഞ്ചനം, കനകം, വിണ്ണ്)

2) ശരിയായ നാനാർത്ഥ പദം തിരഞ്ഞെടുത്തെഴുതുക 1

വാടി

(വിശപ്പ്, വനം, തളർന്നു, പൂന്തോട്ടം )

3) ശരിയായ വിപരീത പദം തിരഞ്ഞെടുത്തെഴുതുക 1

വിഷാദം

(പ്രശാന്തം, നിഷാദം, വിനാശം, പസാദം)

4) ശരിയായ അർത്ഥവ്യത്യാസം തിരഞ്ഞെടുത്തെഴുതുക 1

ദണ്ഡം – ഭാണ്ഡം

(സഞ്ചി, ദേഷ്യം, ഭാരം, ദുഃഖം)

5) വാക്യശുദ്ധി 2

എല്ലാ തടസങ്ങളെയും പ്രതിബന്ധങ്ങളെയും ബുദ്ധിമുട്ടുകളെയും അതിജീവിക്കാനുള്ള ശക്തമായ തിരുമാനത്തോടുകൂടി നിശ്ചയദാർഢ്യത്തോടെ ചാപ്ലിനും കാമുകിയും ഒരുമിച്ച് നീങ്ങുമ്പോൾ സിനിമ അവസാനിക്കുന്നു.

6) വാക്യത്തിൽ പ്രയോഗിക്കുക 2

a) അനുദിനം

b) സാക്ഷ്യംവഹിക്കുക

7) പ്രയോഗം മാറ്റുക 2

a) വയസ്സന്മാരെ സമൂഹം കോമാളികളാക്കുന്നു

8) ചൂർണ്ണികകളാക്കുക 2

ചാപ്ലിൻ യന്ത്രങ്ങൾക്കകത്ത് പെട്ടുപോയി

9) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 2

മാനാപമാനങ്ങൾ

നീരസക്കര

## ഡി – വിഭാഗം (48 marks)

(ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും എടുത്തെഴുതുക) (6x1=6)

1) 'അബദ്ധം സ്വയം മനസ്സിലാക്കി അദ്ദേഹം ഇരുന്നു'– ആര്?

(രാമൻ കുട്ടിനായർ, പി.കെ.അന്തോണി, ശങ്കരൻ കുട്ടി)

M-13-2